**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5264 24/10/2011 ൽ മറുപടിയ്ക്ക്

# ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകൽ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് സ്വകാര്യവ്യക്തികളിൽ നിന്ന് ഭൂമി വിലയ്ക്കുവാങ്ങി നൽകുന്നതിന് മുൻസർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ; | (എ) | ആവിഷ്കരിച്ചിരുന്നു. |
| (ബി) | ആയതിന് തുക വകയിരുത്തിയിരുന്നുവെങ്കിൽ എത്രയെന്ന് അറിയിക്കുമോ; | (ബി) | 8.2.2010 ലെ ജി.ഒ (എം.എസ്) നം. 9/10/ പജപവവിവ പ്രകാരം 50 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ഭൂമി വാങ്ങിയെന്നും, എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) | ഭൂമി വാങ്ങുന്ന നടപടികൾ പൂർത്തിയായിട്ടില്ല; ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഡി) | പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ഡി) | വയനാട് ജില്ലാ കളക്ടർ ഭൂമി അക്വയർ ചെയ്തു നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദിവാസി പുനരധിവാസത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയ ഭൂമി അർജൻസി ക്ലോസിൽ ലാന്റ് അക്വിസിഷൻ നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ ആഫീസറായ വയനാട് ഐ.റ്റി.ഡി.പി ഓഫീസറെ 28.04.2011- ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 423/2011/പജപവവിവ പ്രകാരം ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ